LIBRARY ARCHIVES Kerala Legislative Assembly

കേബിൾ വലിക്കുന്നതിനുള്ള അനുവാദം

110 (4733) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേബിൾ വലിക്കുന്നതിനായി ഇപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീസ് അടയ്ക്കേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുമ്പോൾ പി.ഡബ്ല്യു.ഡി യുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പ്രത്യേക അനുവാദം വാങ്ങിക്കുന്ന സംവിധാനം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനായി പ്രത്യേക നിർദ്ദേശം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേബിൾ വലിക്കുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ ഒന്നും തന്നെ ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള പി.ഡബ്ല്യു.ഡി നിരക്ക് പ്രകാരം ഫീസ് അടയ്ക്കേണ്ടതാണ്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

കടുത്തുരുത്തി ഫയർസ്റ്റേഷന് കെട്ടിട വാടക

111 (4734) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി ഫയർ സ്റ്റേഷന് കെട്ടിടവാടക നൽകുന്നതിനു വേണ്ടി കടുത്തുരുത്തി പഞ്ചായത്ത് എടുത്ത തീരുമാനം തടഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) ഫയൽ നമ്പർ 27344/ഇയു/2009,27846/എഫ്.എം/10 എന്നീ ഫയലുകളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഫയലുകൾക്ക് തീർപ്പു കൽപ്പിക്കാൻ കാലതാമസം വരുത്തുന്നത് എന്തു കൊണ്ടാണ് ;

(ഇ) വാടക നൽകാതിരിക്കുന്നതുമൂലം ഫയർസ്റ്റേഷൻ കടുത്തുരുത്തിക്ക് നഷ്ടപ്പെടാൻ ഇടയാകുമെന്ന സന്ദർഭം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പഞ്ചായത്ത് തീരുമാനം നടപ്പിലാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2007-08-ൽ കടത്തുരുത്തി ഫയർസ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പദ്ധതി തയ്യാറാക്കി പൂർത്തിയാക്കണമെന്ന വ്യവസ്ഥയിലാണ് 31-3-2008 വരെയുള്ള വാടക നൽകുവാൻ അനുമതി നൽകിയിരുന്നത്. സ്വന്തമായി കെട്ടിടം പണിയുന്നതിന് ഗ്രാമ പഞ്ചായത്തോ, ജില്ലാ പഞ്ചായത്തോ യാതൊരു നടപടിയും എടുത്തിട്ടില്ലാത്ത സാഹചര്യത്തിലാണ് കടത്തുരുത്തി ഫയർസ്റ്റേഷന് കെട്ടിട വാടക നൽകുന്നതിനുവേണ്ടി കടത്തുരുത്തി ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനം അനുവദിക്കാത്തത്.

(സി-എഫ്) : 27344/ഇ.യു./2010 എന്ന ഫയൽ (ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ടി ഫയൽ 2009-ലേത് അല്ല) തദ്ദേശസ്വയംഭരണ (എഫ്.എം) സെക്ഷന് കൈമാറി കിട്ടുകയും ടി ഫയൽ 27846/എഫ്.എം3/10/ത.സ്വ.ഭ.വ. എന്ന നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നതുമാണ്. ഈ കേസുമായി ബന്ധപ്പെട്ടു കൂടുതൽ വിവരങ്ങൾ നൽകാൻ കടത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയത് ലഭിച്ചാൽ മാത്രമേ പരിശോധിച്ച് നടപടി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളു.

കുട്ടനാട് നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതിവൽക്കരണം

112 (4735) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതിവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം പദ്ധതിയായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) സമ്പൂർണ്ണ വൈദ്യുതിവൽക്കരണം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം പ്രോജക്ട് വച്ച് കെ. എസ്. ഇ. ബി.യ്ക്ക് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതമെങ്കിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) : കുട്ടനാട് നിയോജകമണ്ഡലത്തിലെ ചമ്പക്കുളം, നെടുമുടി ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ വൈദ്യുതിവൽക്കരണം നടപ്പിലാക്കുവാൻ പദ്ധതി സമർപ്പിക്കുകയും വിഹിതം കെ.എസ്.ഇ.ബി-യ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly